# കേരളാ സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സ്

## സംസ്ഥാന കാര്യാലയം, തിരുവനന്തപുരം - 33

നമ്പർ:-**_F-3026/2022/KSBSG_** തീയതി: **_22.12.2022_**

സ്വീകർത്താവ്,

**ജില്ലാ സെക്രട്ടറിമാർ**

സർ/മാഡം,

***വിഷയം: കേരളാ സ്റ്റേറ്റ് ഭാരത് സ്കൗട്സ് ആന്റ് ഗൈഡ്സ് - ഓർഗനൈസേഷൻ വിവിധ പരിപാടികൾ - സംബന്ധിച്ച്***

1. 2022-23 വർഷത്തെ രാജ്യപുരസ്ക്കാർ ടെസ്റ്റ് 2023 ജനുവരി 27 മുതൽ 29 വരെ വിവിധ കേന്ദ്രങ്ങളിലായി നടത്തുന്നു. രാജ്യപുരസ്ക്കാർ വെരിഫിക്കേഷൻ പൂർത്തിയാക്കിയ സ്കൗട്ട് ഗൈഡുകൾ രാജ്യപുരസ്ക്കാർ സിലബസ് അനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടത്തി ആവശ്യമായ റിക്കാർഡുകൾ പൂർത്തീകരിക്കുക.
2. 2022 ഒക്ടോബർ മാസം നടത്തിയ രാജ്യപുരസ്ക്കാർ ടെസ്റ്റിൽ യോഗ്യത നേടാത്തവർക്ക് ജനുവരിയിൽ നടക്കുന്ന രാജ്യപുരസ്ക്കാർ ടെസ്റ്റിന് പങ്കെടുക്കാം. റീ ടെസ്റ്റിനുള്ള രജിസ്ട്രേഷൻ ഫീസ് 250/- രൂപ സംസ്ഥാന കാര്യാലയത്തിൽ അടച്ച് ജനുവരി 15 ന് മുമ്പായി അപേക്ഷിക്കാം. Hard copy സംസ്ഥാന കാര്യാലയത്തിലേക്ക് അയക്കേണ്ടതാണ്.
3. റോവർ റേഞ്ചർ രാജ്യപുരസ്ക്കാർ ടെസ്റ്റ് ഫെബ്രുവരി 4, 5 തീയതികളിൽ നടത്തുന്നു. അപേക്ഷകൾ 2023 ജനുവരി 22 ന് മുൻപായി സംസ്ഥാന കാര്യാലയത്തിൽ ലഭിക്കണം.
4. ചതുർത്ഥ ചരൺ/ഹീരക് പംഖ് ടെസ്റ്റ് 2023 ഫെബ്രുവരി 11 ന് നടത്തുന്നു. 2022 ഡിസംബർ 31 ന് 10 വയസ്സ് പൂർത്തിയാകാത്ത തൃതീയ ചരൺ/സ്വർണ്ണപംഖ് നേടി 9 മാസം പൂർത്തിയായ കബ്ബ്സ്/ബുൾബുൾസിന് അപേക്ഷിക്കാം. OYMS ID നിർബന്ധമാണ്. 2022 ജനുവരി 30 ന് മുൻപായി സംസ്ഥാന കാര്യാലയത്തിൽ അപേക്ഷകൾ എത്തിക്കേണ്ടതാണ്.
5. 2023 വർഷത്തെ രാഷ്ട്രപതി സ്കൗട്ട്/ഗൈഡ് അപേക്ഷ ഫോം 2 സെറ്റ് പൂരിപ്പിച്ച് 2023 ജനുവരി 15 ന് മുൻപായി സംസ്ഥാന കാര്യാലയത്തിൽ എത്തിക്കുക.
6. കബ്ബ്/ബുൾബുൾ ഉത്സവം 2023 ഫെബ്രുവരി 24, 25, 26 തീയതികളിൽ നടത്തുന്നു. വിശദ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.
7. **ഈ മാസം HSS റോവർ റേഞ്ചർ ബേസിക് കോഴ്സ് കഴിഞ്ഞവർ 2023 ജനുവരി 15 നുള്ളിൽ +1 കുട്ടികളുടെ ലിസ്റ്റും ചീഫ് മിനിസ്റ്റേഴ്സ് ഷീൽഡിനുള്ള അപേക്ഷയും സംസ്ഥാന കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം രജിസ്ട്രേഷൻ ഫീസായ 100/- രൂപയും അടക്കണം. (ഒരു കോപ്പി ASOC മാർക്ക് നൽകണം.)**

എല്ലാവരുടേയും സഹകരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട്.

വിശ്വസ്തതയോടെ,

22/12/22

സംസ്ഥാന സെക്രട്ടറി

OFFICE OF THE KERALA STATE BHARAT SCOUTS AND GUIDES
STATE HEAD QUARTERS
THIRUVANANTHAPURAM-33